LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

144 (4869) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

ഗുരുവായൂർ അഗ്നിരക്ഷാ നിലയം പ്രവർത്തിക്കുന്ന ഗുരുവായൂർ ദേവസ്വം ബോർഡ് വക കെട്ടിടം കാലപ്പഴക്കം ചെന്നതാണ്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ;

&

(സി) കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഭൂമിയുടെ തരം മാറ്റൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; കെട്ടിടനിർമ്മാണം വേഗതയിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഗുരുവായൂർ വില്ലേജ് സർവ്വേ നമ്പർ 129/14-ൽഉൾപ്പെട്ട, ബി.ടി.ആർ. പ്രകാരം നഞ്ചയായി രേഖപ്പെടുത്തിയിരിക്കുന്ന 0.2012 ഹെക്ടർ സ്ഥലം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി തരംമാറ്റി നൽകുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

എരുമേലി, മുണ്ടക്കയം എന്നീ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ

145 (4870) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി, മുണ്ടക്കയം എന്നീ സ്ഥലങ്ങളിൽ പുതിയതായി ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

31-7-15-ലെ സ.ഉ.(എം.എസ്.)നമ്പർ 59/15/ ആഭ്യന്തരം, പ്രകാരം എരുമേലി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുള്ള ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാകേണ്ടതുണ്ട്. മുണ്ടക്കയം അഗ്നിരക്ഷാ നിലയം ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.